നമ്പർ. ബി1/2787/റ്റി.സി/2014

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎ 0471-2333337/2333317 ഫാക്സ് 0471-2333314]
[ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി,10-03-2014.

**സർക്കുലർ നമ്പർ 02/2014**

വിഷയം: മോട്ടോർ വാഹന വകുപ്പ് – 2014-15 ലെ ഫൈനാൻസ് ബിൽ - നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്

സൂചന: 2014-2015 വർഷത്തെ കേരള ധനകാര്യ ബിൽ

സൂചന പ്രകാരം ലഭിച്ച ധനകാര്യ ബില്ലിന്റെ പകർപ്പ് ഇതോടൊപ്പം ഇ-മെയിൽ ചെയ്യുന്നു. 01-04-2014 മുതൽ ടി ഫൈനാൻസ് പ്രകാരമുള്ള നിരക്കിൽ മാത്രമേ വാഹനങ്ങളുടെ നികുതി സ്വീകരിക്കുവാൻ പാടുള്ളൂ. പ്രസ്തുത ബിൽ പ്രകാരം നികുതി സ്വീകരിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. വാഹനങ്ങളുടെ നികുതി സ്വീകരിക്കുമ്പോൾ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിഷ്കർഷിക്കുവാൻ പാടുള്ളതല്ല.

2. നിലവിലുള്ള എല്ലാ നോൺ-ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതിയും ഒറ്റത്തവണ നികുതിയോ, ലംപ്സം ടാക്സോ അടയ്ക്കേണ്ട പുതിയ നോൺ-ട്രാൻസ്പോർട്ട്/ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതിയും ഈ-പേയ്മെന്റ് സമ്പ്രദായം വഴി അടയ്ക്കാവുന്നതാണ്. പഴയ നോൺ-ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി ഈ-പേയ്മെന്റ് സംവിധാനം വഴി അടയ്ക്കുന്ന സമയത്ത് വാഹന ഉടമകൾക്ക് കമ്പ്യൂട്ടർ വഴി തന്നെ 'ETL' എന്ന പേരിൽ ടാക്സ് ടോക്കൺ പ്രിന്റ് ചെയ്ത് എടുക്കാവുന്നതാണ്. ഇത്തരം വാഹനങ്ങൾക്ക് ഈ-പേയ്മെന്റ് നടത്തിയശേഷം ടാക്സ് ടോക്കൺ ലഭിക്കുന്നതിനായി ഓഫീസുകളിൽ വരേണ്ട ആവശ്യമില്ല. എന്നാൽ പുതിയ വാഹനങ്ങളുടെ ഒറ്റത്തവണ നികുതിയോ, ലംപ്സം ടാക്സോ ഈ-പേയ്മെന്റ് സമ്പ്രദായം വഴി അടച്ചിട്ടുണ്ടെങ്കിൽ വാഹനം രജിസ്റ്റർ ചെയ്ത ശേഷം 'CTL' എന്ന പേരിലുള്ള ടാക്സ് ടോക്കൺ

കൂടി പ്രിന്റ് ചെയ്ത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനോടൊപ്പം ഉടമകൾക്ക് നൽകേണ്ടതാണ്.

3. 01-04-2014 മുതൽ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി ഓഫീസിൽ നേരിട്ട് സ്വീകരിക്കുമ്പോൾ തുക പണമായി (Cash) മാത്രമേ സ്വീകരിക്കുവാൻ പാടുള്ളൂ. ഒരു കാരണവശാലും നികുതി ഡി.ഡി/ചെക്ക് ആയി സ്വീകരിക്കുവാൻ പാടുള്ളതല്ല.

4. 1500 cc യും അതിനുമുകളിലും ക്യൂബിക് കപ്പാസിറ്റിയുള്ള മോട്ടോർ ക്യാബുകളേയും ആൾ ഇന്ത്യ ടൂറിസ്റ്റ് മോട്ടോർ ക്യാബുകളേയും 'ലക്ഷ്വറി ടാക്സി ' എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതും അവർക്ക് പുതിയ ടാക്സേഷൻ ഷെഡ്യൂൾ പ്രകാരം നികുതി ഈടാക്കേണ്ടതുമാണ്.

5. പുതിയ മോട്ടോർ ക്യാബുകൾക്കും ആൾ ഇന്ത്യ ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾക്കും, ലക്ഷ്വറി ടാക്സികൾക്കും വാങ്ങൽ വിലയുടെ അടിസ്ഥാനത്തിൽ 15 വർഷത്തേയ്ക്ക് പുതിയ ടാക്സ് ഷെഡ്യൂളിലെ Annexure I പ്രകാരമുള്ള ഒറ്റത്തവണ നികുതി ഈടാക്കേണ്ടതാണ്.

6. പുതിയ ഓട്ടോറിക്ഷകൾക്കു പുറമേ പഴയ മോട്ടോർ സൈക്കിളുകൾ, മോട്ടോർ കാറുകൾ സ്വകാര്യ ആവശ്യത്തിനുപയോഗിക്കുന്ന മുച്ചക്രവാഹനങ്ങൾ, മോട്ടോർ ക്യാബുകൾ, ആൾ ഇന്ത്യ ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾ, 3000 kg വരെ GVW ഉള്ള പുതിയതും പഴയതുമായ ടിപ്പർ ഉൾപ്പെടെയുള്ള ചരക്ക് വാഹനങ്ങൾ എന്നിവയുടെ ടാക്സ് പുതിയ ടാക്സ് ഷെഡ്യൂളിലെ Annexure II പ്രകാരം അഞ്ച് വർഷത്തേയ്ക്ക് Lumpsum Tax ആയി മാത്രമേ സ്വീകരിക്കാവൂ. ഇത്തരം വാഹനങ്ങളിൽ നിന്ന് ഇനി മുതൽ 5 വർഷത്തിൽ കുറഞ്ഞ കാലയളവിലേയ്ക്ക് നികുതി സ്വീകരിക്കുവാൻ പാടില്ല. മാത്രമല്ല മോട്ടോർ ക്യാബ്, ആൾ ഇന്ത്യ ടൂറിസ്റ്റ് മോട്ടോർ ക്യാബ് എന്നീ വാഹനങ്ങളുടെ ടാക്സ് 01-04-2014 ന് ശേഷമുള്ള കാലയളവിലേയ്ക്ക് നിലവിൽ അടച്ചിട്ടുണ്ടെങ്കിൽ 01-04-2014 മുതൽ കൂടിയ നിരക്കിന്റെ ബാക്കിനികുതി (balance

tax) കൂടി സ്വീകരിക്കേണ്ടതാണ്. മേൽപ്പറഞ്ഞ വാഹനങ്ങൾക്ക് 01-04-2014 ന് മുമ്പുള്ള കാലാവധിയിൽ നികുതി കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത വാഹനങ്ങളുടെ നികുതി നിലവിൽ നികുതി അടയ്ക്കേണ്ട തീയതി മുതൽ കുറഞ്ഞത് 5 വർഷത്തേക്ക് അധിക നികുതി (additional tax) ഉൾപ്പെടെ സ്വീകരിക്കേണ്ടതാണ്. എന്നാൽ പഴയ ഓട്ടോറിക്ഷകൾക്ക് വാഹന ഉടമകളുടെ ഇഷ്ടാനുസരണം ഒരു വർഷത്തേക്കോ അഞ്ച് വർഷത്തേക്കോ ടാക്സ് സ്വീകരിക്കാവുന്നതാണ്.

7. സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്നതും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ (നോൺ-ട്രാൻസ്പോർട്ട് വെഹിക്കിൾ) പഴയ കൺസ്ട്രക്ഷൻ എക്യുപ്മെന്റ് വാഹനങ്ങൾ, പഴയ ലക്ഷറി ടാക്സികൾ എന്നിവയിൽ നിന്നും രണ്ടു വർഷത്തേക്ക് മാത്രമേ ടാക്സ് സ്വീകരിക്കുവാൻ പാടുള്ളൂ. മാത്രമല്ല ലക്ഷറി ടാക്സികൾ 01-04-2014 – ന് ശേഷമുള്ള കാലയളവിലേയ്ക്ക് ടാക്സ് അടച്ചിട്ടുണ്ടെങ്കിലും അവർ എപ്പോൾ ടാക്സ് അടയ്ക്കുവാൻ സമീപിച്ചാലും അവരിൽ നിന്ന് 01-04-2014 മുതൽ വർദ്ധിപ്പിച്ച നിരക്കിലുള്ള ബാക്കി നികുതി (balance tax) കൂടി സ്വീകരിക്കേണ്ടതാണ്.

8. കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളുടെ നികുതി നിർണയിക്കുന്നതിന് അവയെ സാധരണ കോൺട്രാക്ട് ക്യാരേജുകൾ, പുഷ് ബാക്ക് സീറ്റുള്ള കോൺട്രാക്ട് ക്യാരേജുകൾ, സ്ലീപ്പർ ബർത്തുള്ള കോൺട്രാക്ട് ക്യാരേജുകൾ എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ചിരിക്കുകയാണ്. ഇരിപ്പിടം യാത്രക്കാരുടെ സൗകര്യാനുസരണം പിന്നിലേയ്ക്കും, മുന്നിലേയ്ക്കും ക്രമീകരിക്കുവാൻ സൗകര്യമുള്ള സീറ്റുകളെയാണ് പുഷ് ബാക്ക് സീറ്റ് എന്ന് അർത്ഥമാക്കുന്നത്. യാത്രക്കാർക്ക് കിടന്ന് ഉറങ്ങുവാൻ പാകത്തിൽ സീറ്റുകൾ ബർത്ത് രൂപത്തിൽ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ അവയെ

'sleeper berth' വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഒരു കോൺട്രാക്ട് ക്യാരേജ് ഇതിൽ ഏതു വിഭാഗത്തിലാണെന്ന് വ്യക്തമല്ലെങ്കിൽ ഈ വാഹനങ്ങൾ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ പരിശോധിച്ച് ഇവ ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. മേൽപ്പറഞ്ഞ വാഹനങ്ങളുടെ ആർ.സി. ബുക്കിലും, ഡാറ്റാ ബേസിലും സർട്ടിഫൈ ചെയ്ത ശേഷം (Endorsement) മാത്രമെ 01-04-2014 മുതൽ കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളിൽ നിന്നും പുതുക്കിയ ഷെഡ്യൂൾ പ്രകാരം നികുതി സ്വീകരിക്കുവാൻ പാടുള്ളൂ. സർക്കാരിലേയ്ക്കുള്ള വരുമാനം അടയ്ക്കുന്നതിന് വാഹന ഉടമകൾക്ക് യാതൊരു ബുദ്ധിമുട്ടും വരാത്തവിധം ആവശ്യമെങ്കിൽ വാഹനം ഹാജരാക്കുന്ന മുറയ്ക്ക് തന്നെ പരിശോധിച്ച് Endorsement നൽകേണ്ടതാണ്. ഇത്തരത്തിൽ സർട്ടിഫൈ ചെയ്യാത്ത കോൺട്രാക്ട് ക്യാരേജുകളിൽ നിന്നും നികുതി സ്വീകരിക്കുവാൻ പാടുള്ളതല്ല. കൂടാതെ വാഹന പരിശോധനാ സമയത്തും വാഹനം ഫിറ്റ്നസ് ടെസ്റ്റിന് ഹാജരാകുമ്പോഴും മേൽത്തരം കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളുടെ സീറ്റുകളും ബർത്തുകളും പരിശോധിച്ച് സർക്കാരിന് നികുതി ചോർച്ച വരുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

9. കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളിൽ ഡ്രൈവർ സീറ്റ് ഒഴികെയുള്ള ഏതെങ്കിലും ഒരു സീറ്റ് പുഷ്ബാക്ക് ആയാൽ പോലും അവയെ പുഷ് ബാക്ക് സീറ്റുള്ള കോൺട്രാക്ട് ക്യാരേജ് വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. അതുപോലെ തന്നെ ഡ്രൈവർക്കുള്ള ബർത്ത് ഒഴികെയുള്ള ഏതെങ്കിലും സീറ്റ് സ്ലീപ്പർ ബർത്താണെങ്കിൽപോലും അവയെ സ്ലീപ്പർ ബർത്തുള്ള കോൺട്രാക്ട് ക്യാരേജുകളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

10. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് ആൾ ഇൻഡ്യ പെർമിറ്റ് (സെക്ഷൻ 88(9)) എടുത്ത് അന്യ സംസ്ഥാനങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്ന കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളിൽ നിന്നും ടാക്സ്

ഷെഡ്യൂളിലെ സീരിയൽ നമ്പർ 7(i) (f) അനുസരിച്ച് ടാക്സ് ഈടാക്കേണ്ടതാണ്. അതുപോലെ തന്നെ അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് സെക്ഷൻ 88(8), 88(9) എന്നിവ പ്രകാരം പെർമിറ്റ് എടുത്ത് സംസ്ഥാനത്തേക്ക് പ്രവേശിക്കുന്ന കോൺട്രാക്ട് ക്യാരേജുകളെയും ചെക്ക് പോസ്റ്റുകളിൽ പരിശോധിച്ച് അവയുടെ സീറ്റുകളുടെയും ബർത്ത്കളുടെയും അടിസ്ഥാനത്തിൽ Endorsement നൽകി കമ്പ്യൂട്ടറിൽ ചേർത്തശേഷം Tax schedule 7 (1) (g) അനുസരിച്ച് ടാക്സ് ഈടാക്കേണ്ടതാണ്.

11. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതും പുതുതായി രജിസ്റ്റർ ചെയ്യുന്നതുമായ caravan/camping trailer കളുടെ നികുതി 01-04-2014 മുതൽ അവയുടെ floor area യുടെ അടിസ്ഥാനത്തിൽ ടാക്സ് ഷെഡ്യൂളിലെ സീരിയൽ നമ്പർ 11(iii) അനുസരിച്ച് സ്വീകരിക്കേണ്ടതാണ്. ഒരു വാഹനത്തിന്റെ floor area വാഹനത്തിന്റെ മൊത്തം നീളം x മൊത്തം വീതി (overall length x overall width vide rule 93 of CMVR ) എന്ന ഫോർമുല വഴി കണക്കാക്കേണ്ടതാണ്. ഇതിനുവേണ്ടി എല്ലാ caravan/ camping trailer കളും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ പരിശോധിച്ച് ആർ. സി ബുക്കിലും 'SMART MOVE' ലും entry വരുത്തിയശേഷം മാത്രമെ ടാക്സ് സ്വീകരിക്കുവാൻ പാടുള്ളൂ. നിലവിൽ ടാക്സ് അടച്ചിട്ടുള്ള ഇത്തരം വാഹനങ്ങളിൽ നിന്നും 01-04-2014 മുതലുള്ള പുതിയ നിരക്കിലുള്ള നികുതി ഈടാക്കേണ്ടതാണ്.

12. 01-04-2014 മുതൽ ജനറേറ്റർ വാൻ/ കംപ്രസ്സർ/ റിഗ്ഗ് വാഹനങ്ങൾക്ക് ടാക്സ് ഷെഡ്യൂളിലെ 13(i) അനുസരിച്ച് മാത്രമെ ടാക്സ് ഈടാക്കുവാൻ പാടുള്ളൂ. നിലവിൽ ടാക്സ് അടച്ചിട്ടുള്ള ഇത്തരം

വാഹനങ്ങളിൽ നിന്നും 01-04-2014 മുതൽ ഏർപ്പെടുത്തുന്ന നിരക്കിലുള്ള അധിക നികുതിയും ഈടാക്കേണ്ടതാണ്.

13. നിലവിൽ വാഹനങ്ങളുടെ Purchase value എന്നത് വാഹനത്തിന്റെ വിലയോടൊപ്പം VAT, Cess, Custom Duty തുടങ്ങിയവ കൂടി ഉൾപ്പെടുത്തിയിട്ടുള്ള വിലയാണ്. എന്നാൽ 01-04-2014 മുതൽ ഇന്ത്യയിൽ നിർമ്മിക്കുന്ന വാഹനങ്ങളുടെ Purchase value എന്നത് VAT-ഉം Cess -ഉം ഒഴിവാക്കിയിട്ടുള്ള വാഹനത്തിന്റെ വിലയായിരിക്കും. അന്യരാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത വാഹനങ്ങളുടെ Purchase value എന്നത് custom duty യും VAT-ഉം cess-ഉം ഒഴിവാക്കിയിട്ടുള്ള വിലയായിരിക്കും. ഈ വിലകളുടെ (Purchase value) അടിസ്ഥാനത്തിൽ ടാക്സ് ഷെഡ്യൂളിലെ Annexure I പ്രകാരം ഒറ്റത്തവണ നികുതി ഈടാക്കേണ്ടതാണ്. അന്യരാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത് 01-04-2007 ന ശേഷം മറ്റ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ട് NOC എടുത്ത് കേരളത്തിലേയ്ക്ക് വരുന്ന വാഹനങ്ങളുടെ ഒറ്റത്തവണ നികുതി (balance one time tax) ഇറക്കുമതി ചെയ്യുന്ന വാഹനങ്ങൾക്ക് 01-04-2014 മുതൽ Annexure I പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിന് ആനുപാതികമായി പട്ടികയിൽ പറയുന്ന ശതമാനം കണക്കാക്കി സ്വീകരിക്കേണ്ടതാണ്.

14. ടാക്സ് അടയ്ക്കാത്തതിന്റെ പേരിൽ മോട്ടോർ വാഹന വകുപ്പോ, പോലീസോ പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങളുടെ ടാക്സ് വാഹനം പിടിച്ചെടുത്ത് 30 ദിവസത്തിനകം അടച്ചില്ലായെങ്കിൽ ടാക്സേഷൻ ആക്റ്റിലെ സെക്ഷൻ 11 പ്രകാരവും ടാക്സേഷൻ റൂളിലെ റൂൾ 11A, 11B എന്നിവ പ്രകാരവും വാഹനം ലേലം ചെയ്ത് വിൽപ്പന നടത്തി സർക്കാരിന് ലഭിക്കേണ്ടതായ നികുതി

ഈടാക്കേണ്ടതാണ്. ഇതനുസരിച്ചുള്ള നിർദ്ദേശങ്ങൾ പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

15\.

വാഹനനികുതി അടയ്ക്കേണ്ടതിന് അനുവദിച്ചിട്ടുള്ള കാലാവധിയും കഴിഞ്ഞ് 6 മാസത്തിൽ കൂടുതൽ നികുതി കുടിശ്ശിക വരുത്തുന്ന വാഹന ഉടമയിൽ നിന്നും നികുതിയും 50% അഡിഷണൽ ടാക്സും സ്വീകരിക്കുന്നതോടൊപ്പം നികുതി തുകയ്ക്ക് മേൽപ്പറഞ്ഞ 6 മാസം കഴിഞ്ഞിട്ടുള്ള കാലത്തേയ്ക്ക് 12% വാർഷിക പലിശ കൂടി (പ്രതിമാസം 1 ശതമാനം എന്ന നിരക്കിൽ) ഈടാക്കേണ്ടതാണ്. ആയതിന് ഒരു മാസത്തിൽ കുറവുള്ള കാലാവധി ഒരു മാസമായി കണക്കാക്കേണ്ടതാണ്. നികുതി കുടിശ്ശികയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുമ്പോൾ ഇക്കാര്യം കൂടി ഡിമാന്റ് നോട്ടീസിലും മറ്റ് നോട്ടിസുകളിലും സൂചിപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഈടാക്കുന്ന പലിശ ടി വാഹനങ്ങളുടെ നികുതി തുകയെക്കാൾ കൂടുവാൻ പാടുള്ളതല്ല.

പൊതുജനങ്ങളുടെ അറിവിനായി ടി വിവരങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും മാദ്ധ്യമങ്ങൾ വഴി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡി.റ്റി.സി, ആർ.ടി.ഒ, ജോയിന്റ് ആർ.ടി.ഒ,
എല്ലാ ചെക്ക് പോസ്റ്റിലുമുള്ള എം.വി.ഐ മാർ
സി. എ ടു ടി.സി, ജെ.റ്റി.സി ആന്റ് സെക്രട്ടറി എസ്.റ്റി.എ, ജെ.റ്റി.സി(എൻഫോഴ്സ്മെന്റ്), സീനിയർ ഡി.റ്റി.സി (ടാക്സേഷൻ), എന്നിവരുടെ സി.എ മാർക്കും, സീനിയർ എ.ഒ, സീനിയർ എഫ്.ഒ, സീനിയർ എൽ.ഒ, എ.റ്റി.സി, അസിസ്റ്റന്റ് സെക്രട്ടറി മറ്റ് എല്ലാ ഓഫീസർമാർക്കും

പകർപ്പ്: എസ്.എസ്. ജി. സെല്ലിനും, എസ്.എസ്.ജി നോഡൽ ഓഫീസർക്കും, എം.ഐ.റ്റി-5 സെക്ഷനും — പുതിയ ഫൈനാൻസ് ബിൽ അനുസരിച്ച് വകുപ്പിന്റെ സോഫ്റ്റ്വെയറിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്.

അംഗീകാരത്തോടെ

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)